# കറിവേപ്പു വിപ്ലവം

**ഡോ. എം. കുര്യൻ തോമസ**

**ജൂ**ൺ 5 – അന്തർദേശീയ പരിസ്ഥിതി ദിനം. വൃക്ഷത്തൈ വിതരണം, വൃക്ഷത്തൈ നടീൽ, ബോധവൽക്കരണം, ഫോട്ടോ എടുക്കൽ, കുറെ കോടികൾ ചിലവഴിക്കൽ എന്നീ പതിവു പരിപാടികളുമായി ഈ വർഷവും അതു കഴിഞ്ഞുപോവുകയാണ്. വരും വർഷം അതേ കുഴിയിൽ വീണ്ടും നടാൻ! ദശാബ്ദങ്ങളായി നടന്നുവരുന്ന ഫലരഹിതമായ തനിയാവർത്തനം! *സെൽഫി എടുക്കൽ* എന്ന പുതിയ ആചാരവും ഇപ്പോൾ ആരംഭിച്ചിട്ടുണ്ട്.

ഉദ്യോഗസ്ഥതല അഴിമതി ഒഴിച്ചു നിർത്തിയാൽ പരിസ്ഥിതി ദിനത്തേപ്പറ്റിയും വനവൽക്കരണത്തെപ്പറ്റിയുമുള്ള പരമ്പരാഗതമായ ചില തെറ്റിദ്ധാരണകളാണ് *ഭൂമിയെ കുട ചൂടിക്കാനുള്ള* ശ്രമങ്ങൾ കേരളത്തിൽ പരാജയപ്പെടുന്നതിനു കാരണമാകുന്നത്. *സർക്കാർ ഭൂമിയിൽ, അഥവാ പൊതുസ്ഥലങ്ങളിൽ, സർക്കാർ നൽകുന്ന വൃക്ഷത്തൈകൾ ഒരേ ദിവസം നിരനിരയായി നടുന്നതാണ് വനവൽക്കരണം* എന്ന് ഈ തെറ്റിദ്ധാരണയെ സംഗ്രഹിക്കാം. അടിമുടി തെറ്റായ ഒരു സങ്കല്പമാണിത്.

ഒന്നാമതായി, സർക്കാർ ഭൂമിയിലും പൊതുസ്ഥലങ്ങളിലും വൻതോതിൽ വൃക്ഷങ്ങൾ വെച്ചുപിടിപ്പിക്കുന്നതു മാത്രമല്ല വനവൽക്കരണം. ഓരോ ചെറുവൃക്ഷംപോലും അമൂല്യമാണ്. സ്വന്തം വീട്ടുവളപ്പിലായാലും ടെറസിലായാലും കുഴപ്പമില്ല. ജീവനുള്ള വൃക്ഷമാണ് മുഖ്യം. ഒന്നെങ്കിൽ ഒന്ന്.

രണ്ടാമതായി, പ്രകൃതിസന്തുലനം നിലനിർത്താൻ പ്രാദേശിക ജനുസ് വൃക്ഷങ്ങളാണ് വേണ്ടത്. കമ്മീഷന്റെ മാത്രം അടിസ്ഥാനത്തിൽ നിർമ്മിച്ചു കൂടയിലാക്കി നൽകുന്ന വൃക്ഷത്തൈകളിൽ ഭൂരിപക്ഷവും ഗുണത്തേക്കാൾ അധികം ദോഷം ചെയ്യുന്നവയാണ്. പ്രാദേശിക വൃക്ഷത്തൈകൾ കേരളത്തിൽ മിക്കയിടങ്ങളിലും സുലഭമാണ്. അവ ഫലവൃക്ഷങ്ങളോ അലങ്കാര വൃക്ഷങ്ങളോ ആകാം. പലപ്പോഴും തൈകളേക്കാൾ വിത്തുകളാണ് ഫലപ്രദം. കുടുതൽ നടാൻ സാധിക്കുമെങ്കിൽ ഏകവൃക്ഷകൃഷി ഒഴിവാക്കുകയാകും ഉത്തമം.

മൂന്നാമതായി, വൃക്ഷത്തൈ നടീൽ ജൂൺ 5-നു മാത്രം നടത്തേണ്ട ഒരു ആചാരമല്ല. അനുയോജ്യമായ ഏതു സമയത്തും ചെയ്യാവുന്നതും ചെയ്യേണ്ടുതുമായ ഒന്നാണ്. നട്ടു എന്നതിനേക്കാൾ നട്ടതു നിലനിൽക്കുന്നു എന്നു ഉറപ്പു വരുത്തുന്നതാണ് പ്രാധാനം. അത് ഏതാനും വർഷത്തേക്കു നിരന്തര ശ്രദ്ധ ആവശ്യമായ ഒരു പ്രക്രിയയാണ്.

നാലാമതായി, ഒരു തുണ്ടുഭൂമിയെ ഹരിതകഞ്ചുകമണിയിക്കുമ്പോൾ അനേകതരം വൃക്ഷങ്ങൾ ഇടകലർത്തി വളരെ അടുപ്പിച്ചു വയ്ക്കാൻ ശ്രദ്ധിക്കുക. അതു പിടിച്ചുകിട്ടിയാൽ ബാക്കി പ്രകൃതി ചെയ്തുകൊള്ളും. ഏതാനും വർഷത്തിനുള്ളിൽ അവിടെ ഒരു ചെറുവനം രുപപ്പെടും. പാതയോരവൃക്ഷങ്ങൾ നല്ല ഇലച്ചാർത്തും വേരുപിടുത്തവുമുള്ള വയായിരിക്കണം.

അഞ്ചാമതായി, സ്ഥലമില്ല; എവിടെ നടും? എന്നു ചോദിക്കുന്നവരോട് – വൃക്ഷം നടാൻ സ്ഥലം ആവശ്യമില്ല. കറിവേപ്പും ഒരു മരമാണ്. ഈ ലേഖകന്റെ മറ്റൊരു ലേഖനത്തിൽനിന്നും സ്വൽപ്പം ഉദ്ധരിക്കട്ടെ:

*“ ...ലോകത്തെവിടെയും മലയാളിക്ക് അനിവാര്യമായ വസ്തുക്കളാണ് നാളികേരവും കറിവേപ്പിലയും എന്നാണ് പരക്കെ അറിയപ്പെടുന്നത്. ഇവയിൽ എന്തു വിലകൊടുത്താലും അമേരിക്കയിൽ ലഭ്യമല്ലാതിരുന്ന ഒന്നാണ് കറിവേപ്പില. മൂന്നു ദശവൽസരങ്ങൾക്കുമുമ്പ്, കൊച്ചി മുംബൈ വഴി വളഞ്ഞുചുറ്റി മൂന്നു ദിനംകൊണ്ടുമാത്രം ന്യൂയോർക്കിലെത്തുന്ന കാലത്ത്, പെട്ടിക്കുള്ളിൽ കറിവേപ്പിൻ തൈകൾ ഒളിച്ചുകടത്തി കസ്റ്റംസിനെ വെട്ടിച്ച് വിദേശ ജനുസ് ചെടികൾക്കും വിത്തുകൾക്കും നിരോധനമുള്ള അമേരിക്കയിലെത്തിച്ച വീരന്മാരാണ് മലയാളികൾ! എന്നു മാത്രമല്ല, അതിശൈത്യമുള്ള ആ നാട്ടിൽ ചെടിച്ചട്ടിയിൽ കറിവേപ്പ് നട്ട് ഹേമന്തകാലത്ത് വീടിനുള്ളിലും ഇതരകാലങ്ങളിൽ പുറത്തും വെച്ച് ചെറുമരമായി വളർത്തിയെടുക്കുകയും ചെയ്തു. വീട്ടാവശ്യത്തിനുള്ള കറിവേപ്പിലയും പുതിയ തൈകളും അവിടെത്തന്നെ ഉല്പാദിപ്പിക്കുന്ന സ്ഥിതിയിലാണ് ഇന്നു മലയാളികൾ!*

*ഇങ്ങു കേരളത്തിലോ? അത്യാവശ്യം പുരയിടമുള്ളവർപോലും ഇന്നു കറിവേപ്പു വളർത്തുന്നതിൽ ശ്രദ്ധിക്കുന്നില്ല. അവരും കറിവേപ്പില വിലയ്ക്കു വാങ്ങുകയാണ്. ഒരുകാലത്ത് വാടകവീടുകളുടെ പരിസരങ്ങളിൽപ്പോലും കറിവേപ്പു വെച്ചുപിടിപ്പിച്ചിരുന്ന മലയാളിയാണ് ഈ നിലയിലേയ്ക്ക് അധഃപതിച്ചത്! പ്രതികൂല കാലാവസ്ഥയുള്ള അമേരിക്കയിൽ സാധിക്കുമെങ്കിൽ കേരളത്തിലും ഫ്ളാറ്റുകളിൽ ചെടിച്ചട്ടികളിൽ കറിവേപ്പു കൃഷി സാദ്ധ്യമാണ്. പക്ഷേ ഫ്ളാറ്റുകളിൽ പോയിട്ട് ‘‘വില്ലാ’’ പരിസരത്തുപോലും ഒരു കറിവേപ്പ് കാണാനില്ല. വെറും നാലുസെന്റ് പുരയിടത്തിൽ വീടുകഴിഞ്ഞുള്ള പരിമിതസ്ഥലത്ത് അലങ്കാര വൃക്ഷമായി കറിവേപ്പ് വളർത്തുന്നവരും അപൂർവമായി ഉണ്ടന്നുള്ള വസ്തുത വിസ്മരിക്കുന്നില്ല.*

*ഇത് ‘‘കറിവേപ്പില പോലെ’’ തള്ളിക്കളയാവുന്ന ഒരു നിസാര വസ്തുതയല്ല. ഇതര സംസ്ഥാനങ്ങളിൽനിന്നും കേരളത്തിലെത്തുന്ന കറിവേപ്പലയുടെ അളവറിഞ്ഞാൽ ഞെട്ടും. ഒരു വ്യാഴവട്ടം മുമ്പ് ഓണം സീസണിൽ തേനി ജില്ലയിലെ ഒരു കർഷകൻ അഞ്ച് ട്രക്ക് ലോഡ് കറിവേപ്പില കേരളത്തിലേയ്ക്കു കയറ്റി അയക്കുന്നതിനു ഈ ലേഖകൻ ദൃക്സാക്ഷിയാണ്. എൻഡോസൾഫാൻ എന്ന മാരകവിഷം ഇന്ന് എറ്റവുമധികം ഉപയോഗിക്കുന്നത് കറിവേപ്പില കൃഷിയിലാണന്നാണ് പറയപ്പെടുന്നത് എന്ന വസ്തുതകൂടി ഇതിനോടൊപ്പം പരിഗണിക്കുക. കറിവേപ്പിലയ്ക്ക് പണമായും ആരോഗ്യമായും മലയാളി കൊടുക്കുന്ന വില ഒന്നു കണക്കുകൂട്ടുക!’’* (*വിഷഭൂമികളിൽ മയങ്ങുന്നവർ, സാമൂഹ്യനീതി മാസിക*, സെപ്റ്റംബർ 2015)

ഈ അന്തർദേശീയ പരിസ്ഥിതി ദിനത്തിൽ ഒരു കറിവേപ്പെങ്കിലും വെച്ചുകൂടെ? ഒന്നുമില്ലങ്കിൽ വിഷലിപ്തമല്ലാത്ത ഒരു സംഭാരമെങ്കിലും കലക്കി കുടിക്കാമല്ലോ? ഒരു ‘‘കറിവേപ്പു വിപ്ളവത്തിനും’’ കേരളത്തെ മാറ്റിമറിക്കാനാവും

*‘‘...നോക്ക്. സുജലയും സുഫലയുമായ പ്രകൃതി. ഉദാരയായ പ്രകൃതി. നമ്മെ പരിചരിയ്ക്കാനൊരുങ്ങി നിൽക്കുന്നു. അവളുടെ ഔദാര്യത്തെ നാം ചൂഷണം ചെയ്യരുത്. നമുക്കത്യാവശ്യം വേണ്ടത്, നമ്മുടെ ശരീരം നിലനിർത്താൻ വേണ്ടത്, മാത്രമേ നാം കൈക്കൊള്ളാവൂ....’’* (കെ. പി. ബാബുദാസ്, *അഹം ബ്രഹ്മാസ്മി*, 1981)